(ഇ) ഇതിനുത്തരവാദികൾ ആരാണ്; അവർക്കെതിരെ എന്തു നടപടി കൈക്കൊണ്ടു എന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

"കാസർഗോഡ് ജില്ലയിലെ കെ.എസ്.എഫ്.ഇ. യുടെ ശാഖകൾ"

24(290)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും സ്ഥലങ്ങളിൽ കെ. എസ്.എഫ്.ഇ. യുടെ ശാഖകൾ തുടങ്ങാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എവിടെ എല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കൽ, തൃക്കരിപ്പൂർ എന്നിവിടങ്ങളിൽ കെ.എസ്.എഫ്ഇ. യുടെ പുതിയ ശാഖകൾ തുറക്കാൻ അനുമതി നൽകിയിട്ടുണ്ട്.

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിയവായ്പ

25 (291)ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും 1999-2000 വർഷത്തിൽ വ്യവസായ സംരംഭകർക്ക് ആകെ എത്രതുക വായ്പയായി നൽകിയിട്ടുണ്ട്;

(ബി) ഇതിന്റെ ഗുണഭോക്താക്കൾ എത്ര പേരാണ്;

(സി) വായ്പ കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും വ്യവസായം ആരംഭിക്കുകയുണ്ടായോ;

(ഡി) എത്ര യൂണിറ്റുകളിൽ ഉൽപ്പാദനം ആരംഭിച്ച് വിപണനം തുടങ്ങിയിട്ടുണ്ട്?

ഉത്തരം

(എ) 176.12 കോടി രൂപ.

(ബി) 1631 വ്യവസായ സംരംഭകർ.

(സി)&(ഡി) വിവരം ശേഖരിച്ചു വരുന്നു.

കെ.എഫ്.സി. ക്ക് ലഭിച്ച ഒ.റ്റി.എസ്. അപേക്ഷകൾ

26 (292)ശ്രീ. എ. കണാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ കെ.എഫ്.സി. ക്ക് എത്ര ഒ.റ്റി.എസ്. അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആകെ എത്ര രൂപയുടെ വായ്പ കുടിശ്ശിയ്ക്കായാണ് ഒ.റ്റി.എസ്. അപേക്ഷകൾ ലഭിച്ചത്;

(സി) എത്ര ഗുണഭോക്താക്കളുടെ അപേക്ഷകളാണ് ലഭിച്ചത്;

(ഡി) പ്രസ്തുത അപേക്ഷകളിൻമേൽ എത്രയെണ്ണം തീർപ്പു കൽപ്പിക്കപ്പെട്ടു;

(ഇ) എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

ഏകീകൃത നികുതിനിരക്കുകൾ ഏർപ്പെടുത്തിയതുമൂലമുള്ള നേട്ടങ്ങൾ

27 (293)ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഏകീകൃത നികുതി നിരക്കുകൾ ഏർപ്പെടുത്തിയതുമൂലം സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ടെന്നും, അധികസമാഹരണം എത്രയുണ്ടായി എന്നും വിശദമാക്കുമോ;

(ബി) ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് ഓരോ നികുതിയിനവും ലക്ഷ്യമിട്ടിരുന്നതിന്റെ എത്ര ശതമാനം പിരിച്ചെടുക്കാനായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) നികുതി ഏകീകരണത്തിലൂടെ വർദ്ധിപ്പിച്ചിരുന്ന ഏതെങ്കിലും ഇനം നികുതികൾ വീണ്ടും വർദ്ധിപ്പിക്കാനോ, കുറയ്ക്കാനോ ഇടയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അവ ഏതൊക്കെയാണെന്നും ഇപ്രകാരം ഒരു തീരുമാനം എടുക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) 1.1.2000 മുതൽക്കാണ് ഏകീകൃത നിരക്കുകൾ ഏർപ്പെടുത്തിയത്. ഇതിന്റെ ഗുണദോഷവശങ്ങൾ വിലയിരുത്താൻ സമയമായിട്ടില്ല.

(സി) ചില ഇനങ്ങൾക്ക് നികുതി കുറച്ചിട്ടുണ്ട്. ഫിനാൻസിൽ 2000 പ്രകാരം മറ്റുചില ഇനങ്ങൾക്ക് നികുതി കൂട്ടിയിട്ടുമുണ്ട്.

(ഡി) നികുതി നിരക്ക് കുറച്ചിട്ടുള്ള ഇനങ്ങൾ ചുവടെ ചേർക്കുന്നു.

1. ന്യൂസ് പ്രിന്റ് 8%-ൽ നിന്നും 2%
2. അടയ്ക്ക 8%-ൽ നിന്നും 4%
3. ഏലം 8%-ൽ നിന്നും 4%

LIBRARY ARCHIVES Kerala Legislative Assembly